# Mathrubhumi

## 22 August 2018

## Eloor, After Flood, Cleaning



### ഏലൂരിലെ ശുചീകരണത്തിന് വിവിധ സംഘങ്ങൾ

**ഏലൂർ ▸** ഏലൂർ നഗരസഭയിലെ വെള്ളം കയറിയ പ്രദേശങ്ങളിലെയും വീടുകളിലെയും ശുചീകരണ പ്രവർത്തനത്തിന് വിവിധ സംഘങ്ങൾ രംഗത്ത്.

ഏലൂർ നഗരസഭാ അധികൃതർ ചത്ത പക്ഷി-മൃഗാദികളെ മണ്ണുമാന്തിയന്ത്രം ഉപയോഗിച്ച് നീക്കം ചെയ്യുകയാണ്.

നഗരസഭാ റോഡിലേക്ക് ഇടിഞ്ഞുവീണ മതിലുകളും മരങ്ങളും നഗരസഭാധികൃതർ നീക്കം ചെയ്യുന്നുണ്ട്. രണ്ടും മൂന്നും വീട്ടുകാർ ഒരുമിച്ചുകൂടി ഓരോന്നായി വീടുകൾ വൃത്തിയാക്കുന്നു.

വെള്ളം കയറിയ ഗൃഹോപകരണങ്ങളിൽ ഭൂരിപക്ഷവും നശിച്ചനിലയിലാണ്. ഇവയൊക്കെ എങ്ങോട്ടു മാറ്റണമെന്നറിയാതെ പലരും വീടിനടുത്തു തന്നെ വാരിവലിച്ചിട്ടിരിക്കുന്നു.